Ananya s nair

STD 6

പരിസ്ഥിതിയുടെ വ്യതിയാനം

മാനവരാശി ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കാലാവസ്ഥ വ്യതിയാനം .ഈ പ്രശ്നത്തിന്റെ അടിസ്ഥാന കാരണം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലാണ് കാണാനാവുക. മനുഷ്യൻ തനിക്കാവശ്യമായ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് ബോധപൂർവം പ്രകൃതിയിൽ ഇടപെടുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളടെ വളർച്ച പ്രകൃതിയിലുള്ള മനുഷ്യ ഇടപെടൽ വർധിപ്പിക്കുന്നു. പ്രകൃതിയിലുള്ള മനുഷ്യരുടെ അനിയന്ത്രിതമായ ചൂഷണം കാരണം സസ്യ ജന്തുക്കൾ കാലങ്ങൾ വംശനാശഭീഷണി നേരിടുന്നു . ചുറ്റുപാടുമായി ബന്ധപ്പെട്ടതാണ് മനുഷ്യജീവിന്റെ നിലനിൽപ്പ്.

എന്താണ് പരിസ്ഥിതി?

നമ്മൾമനുഷ്യരാണ് .നമുക്ക് ചുറ്റും മൃഗങ്ങളുണ്ട്,പക്ഷികളുഉണ്ട് അങ്ങനെ പലതുമുണ്ട്.

ഇത് ആരും ഉണ്ടാക്കിയത് ,

ഇവ പ്രകൃതിയിലുള്ളതാണ്.

നമ്മുടെ വീട്, വീട്ടിലെ സാധനങ്ങൾ എന്നിവയെല്ലാം മനുഷ്യർ ഉണ്ടാക്കിയതാണ് .അവർക്കെല്ലാം കൂടി നൽകുന്ന പേരാണ് പരിസ്ഥിതി എന്നത് .നമ്മുടെ പരിസ്ഥിതിയെ നമുക്ക് മൂന്നായി തിരിക്കാം-സ്ഥാലാനുസൃതം,ധർമ്മാനുസൃതം,കാലാനുസൃതം.ഇവ മൂന്നിനേയും പറയുന്ന പേരാണ് ത്രി പരിസ്ഥിതി.

ഇന്ന് ലോകം മുഴുവൻ അനുഭവിക്കുന്ന ഒരു പ്രശ്നമാണ് വായു മലിനവീകരണം. അത് കാരണം മനുഷ്യർ ഒരുപാട് ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ നേരിടുന്നു .നമ്മുടെ ജീവിതത്തെ വേഗത്തിലും ശക്തമായും ബാധിക്കുന്നു.തെട്ടടുത്തുള്ള ക്ഷേത്രത്തിലെ ഉത്സവം,പള്ളിയിലെ പെരുന്നാൾ മുതലായവ ശബ്ദമലിനീകരണം ഉണ്ടാക്കുന്നു.ഇതെല്ലാം നമ്മുടെ പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്നു.മനുഷ്യർ പ്ളാസ്റ്റിക് കത്തിക്കുന്നതുകാരണം അന്തരീക്ഷത്തിൽ കാർബൺ ഡൈയോക്സൈഡിൻറെ അളവ് വർധിപ്പിക്കുന്നു. അതുകാരണം അവിടെയുള്ള ഓസോൺ പാളിക്ക് വിള്ളൽ സംഭവിക്കുന്നു. ഓക്സിജൻറെ ഒരു

സവിശേഷ തന്മാത്രയാണ് ഓസോൺ. വായുമണ്ഡലത്തിൻറെ ഉപരിതലങ്ങളിൽ 15-80 km ഉയരത്തിൽ ബഹിരാകാശത്തുനിന്നുവരുന്ന കോസ്മിക് രശ്മികൾ തട്ടി രണ്ടു പരമാണുക്കൾക്ക് പകരം മൂന്ന് പരമാണുക്കളുള്ള ഓക്സിജൻ തന്മാത്രകൾ $O^3$ ഉണ്ടാകുന്നു.ഇതാണ് ഓസോൺ. സൂര്യനിൽനിന്നുവരുന്ന അൾട്രാ വയലറ്റ് രശ്മികൾ അവയുമായി ഏറ്റുമുട്ടുമ്പോൾ അവയിലെ ഊർജത്തിൻറെ ഒരംശം സ്വീകരിച്ച് ഓസോൺ, ഓക്സിജൻ തന്മാത്രയും ഒറ്റപ്പെട്ട ഓക്സിജൻ പരമാണുവുമായി വിജയിക്കുന്നു. അങ്ങനെ കോസ്മിക് രശ്മികൾ സൃഷ്ടിക്കുന്നു. ഇത് അൾട്രാ വയലറ്റ് രശ്മികളുടെ ഊർജ്ജം കുറയ്ക്കുന്നു. അൾട്രാ വയലറ്റ് രശ്മികൾ നല്ലൊരു ഭാഗം ഭൂമിയിൽ എത്തുന്നതിനുമുമ്പ് നശിക്കുന്നു. അങ്ങനെ അൾട്രാ വയലറ്റ് രശ്മികൾ ഇല്ലാതാകുന്നു.

2018 ആഗസ്റ്റ് 15 -ന് കേരളം കണ്ട ഏറ്റവും വലിയ പ്രളയമുണ്ടായി. അയ്യായിരത്തിലധികം പേരാണ് പ്രളയക്കെടുതിയിൽ മരിച്ചത്.അതുപോലെ ഇപ്പോൾ മനുഷ്യരാശി നേരിടുന്ന ഒരു പ്രശ്നമാണ് കൊറോണ വൈറസെന്ന മഹാ വിപത്ത്.

- കോവിഡ് -19 നെന്നാണ് ഇതിന്റെ ശാസ്ത്രീയ നാമം. ലോകാരോഗ്യ സംഘടന ഇതിനെ മഹാമാരിയെന്നു വിശേഷിപ്പിച്ചു. കോവിഡ്-19 ആദ്യമായി സ്ഥീകരിച്ചത് ചൈനയിലെ വുഹാൻ പ്രവേശ്യയിലാണ്. വുഹാനിൽ അതൊരുപാട് നാശം വിതച്ചു. പിന്നീട് അതൊരുപാട് രാജ്യങ്ങളിൽ പടർന്നുപിടിച്ചു. ഇപ്പോൾ വ്യാപനം കൂടുതലുള്ള രാജ്യമാണ് അമേരിക്ക. ഏറ്റവും കൂടുതൽ മരണസംഖ്യയുള്ളതും അമേരിക്കയിൽ തന്നെയാണ്.കൊറോണ വൈറസ് ബാധയെത്തുടർന്ന് മരിച്ചവരുടെ എണ്ണം കണക്കിൽകവിഞ്ഞപ്പോൾ മൃതദേഹങ്ങൾ കുഴിച്ചുമൂടാൻ സ്ഥലമില്ലാതായി. "ചൈനയിലെ വുഹാനിൽ അജ്ഞാത വൈറസേറ്റ് ഒരാൾ മരിച്ചു"ഇങ്ങനെയാണ് പത്രങ്ങളിൽ കൊറോണയെക്കുറിച്ച് ആദ്യം വന്ന വാർത്ത. കോവിഡ്-19 നെ നശിപ്പിക്കാനുള്ള മരുന്ന് ഇതുവരെയും ഒരു രാജ്യങ്ങളും കണ്ടു പാലിച്ചിട്ടില്ല. ഈ വൈറസ് നമ്മുടെ ശരീരത്തിലെ RNAയെ നശിപ്പിച്ചിട്ട് ആ സ്ഥാനത്തിരുന്ന് DNA യെ ജോലിചെയ്യിപ്പിക്കും.കോവിഡിന്റെ പ്രധാന ലക്ഷണങ്ങളാണ് കടുത്ത പനി ,ചുമ,ഛർദ്ദി, തുമ്മൽ,ശ്വാസതടസ്സം,തൊണ്ടവേദന എന്നിവ. ഈ സമയത്ത് നമ്മൾ കൂടുതൽ ഉപയോഗിക്കുന്ന സാധനമാണ് മാസ്ക്ക്. പൊതുവായി കടകളിൽ ലഭിക്കുന്നത് രണ്ട് തരം മാസ്ക്കാണ് .ഒന്ന് സാധാരണ സർജിക്കൽ മാസ്ക്കും പിന്നെ N95 മാസ്ക്കും.ഇപ്പോൾ ഒരുപാട് ആളുകൾ തുണി മാസ്ക്കാണ് ഉപയോഗിക്കുന്നത്. പക്ഷേ അതിന് പൊടിപടലങ്ങളെ തടയുകയെയുള്ളു ,അതിന് വൈറസിനെ പ്രതിരോധിക്കാൻ കഴിയില്ല.

കോവിഡ്-19 കാരണം ലോകത്തിലെ നികുതിവരുമാനം ആളുകളും മരിച്ചു. സ്കൂളുകളും ,ഓഫീസുകളും തുറക്കാതെയായി.ഇങ്ങനെ വന്നപ്പോൾ ലോകത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടായി.കോവിഡ് -19നെ പ്രതിരോധിക്കാനുള്ള മുഖ്യ വഴിയാണ് സാമൂഹിക അകലം പാലിക്കുന്നതുമൂലം വായു മാർഗ്ഗം പടരുന്നത് ഒഴിവാക്കാം .

കോറോണയുടെ ലക്ഷണങ്ങളുള്ളവർ 28ദിവസം തീർച്ചയായും നിരീക്ഷണത്തിൽ കഴിയണം .ഈ സമയത്ത് നാം കഴിക്കുന്ന ആഹാ-രത്തിൽ നിന്നും പോഷകാഹാരം കൂടുതലായി കഴിക്കാൻ ശ്രദ്ധിക്കണം. നമ്മളെല്ലാവരും ലോക് ഡൗൺ കാരണം വീടുകളിലാണ് ചിലവഴിക്കുന്നത്. ആ കിട്ടുന്ന സമയം പാഴാക്കാതെ വീടുകളിലെ മട്ടുപ്പാവിലോ വീട്ടുമുറ്റത്തോ ചെടികൾ നട്ടുപിടിപ്പിക്കാം. അഥവാ നിങ്ങൾ ഫ്ലാറ്റിലാണ് താമസിക്കുന്നതെങ്കിൽ മൈക്രോ ഗ്രീൻ കൃഷി രീതിയും പ്രയോഗിക്കാം.

ഇപ്പോൾ നമ്മുടെ ഭൂമിയിൽ അധികം വായു മലിനീകരണങ്ങളൊന്നും ഉണ്ടാകുന്നില്ല. ഭൂമിയിലെ എല്ലാ സസ്യ ജീവ ജാലങ്ങളും സന്തോഷമായി നിൽക്കുന്നു. ആനകൾ നാട്ടിലിറങ്ങി വെള്ളം കുടിക്കുന്നു, മാനുകൾ റോഡുകളിലൂടെ ഓടി ചാടി കളിക്കുന്നു, അരയന്നങ്ങളും താറാവുകളും കുളങ്ങിൽ നീന്തി കളിക്കുന്നു. ഈ മാസം വേനൽമഴ പെയ്യുന്ന മാസമാണ്. അതു മാത്രമല്ല ഇടിയും മിന്നലും കൂടുതലുള്ള മാസം. ആളുകൾ വീടിനുള്ളിൽ ആയതിനാൽ മിന്നലാഘാതത്തിൽ നിന്നും രക്ഷപ്പെടാം.ഇപ്പോൾ നമ്മൾ ശുചിത്വം പഠിച്ചു കൊറോണ പ്രതിരോധത്തിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. കോവിഡ്-19 പടരാതിരിക്കാൻ നമ്മുടെ നാട്ടിലെ പ്രധാന മന്ത്രിയും നാട്ടിലെയും സംസ്ഥാനത്തെയും ആരോഗ്യ
പ്രവർത്തകരും, മുഖ്യമന്ത്രിയും, ആരോഗ്യ മന്ത്രിയും,പോലീസ് സേനയും, സന്നദ്ധ പ്രവർത്തകരും 24 മണിക്കൂറും പ്രവർത്തിച്ചു മുന്നോട്ടു നയിച്ചു. എല്ലാവരും സുരക്ഷിതമായും സന്തോഷമായും ചിലവഴിക്കുന്നു. ഈ ഒരു അവസരം എപ്പോഴും കിട്ടില്ല. അതിനാൽ എല്ലാവരും ഇത് പ്രയോജനപ്പെടുത്തുക.എന്നും രാവിലെ പോയിട്ട് രാത്രി വരുന്ന മാതാപിതാക്കൾക്ക് കുട്ടി കളൊടൊപ്പം ചെലവഴിക്കാൻ പറ്റുന്ന സമയമാണിത്.

STAY HOME

STAY SAFE